# സി. എം. എസ് . എച്ച് എസ്
# നെടുങ്ങാടപ്പള്ളി
# അവതരിപ്പിക്കുന്ന

# വർണ്ണം 2019

Digital Magazine Prepared by

**Little Kites**

## പേജുകളിലൂടെ


| Sl No. | Title | Page No. |
|---|---|---|
| 1. | ബ്രോയിലർ ചിക്കൻ എന്ന ദുരന്തം | |
| 2. | അറിവായി വെളിച്ചമായി | |
| 3. | കമ്പ്യൂട്ടർ ചരിത്രം | |
| 4. | ക്രിക്കറ്റ് പ്രശ്നോത്തരി | |
| 5. | അമ്മുവിന്റെ ആട്ടിൻകുട്ടി | |
| 6. | The snow smile | |
| 7. | The Gold Wrapping Paper | |
| 8. | The Silent Fish | |
| 9. | ക്രിക്കറ്റ് പ്രശ്നോത്തരി – ഉത്തരം | |
| 10. | നദികളുമായി ബന്ധപ്പെട്ട പട്ടണങ്ങൾ | |
| 11. | ഉണ്ണിക്കുട്ടന്റെ സ്കൂൾ ബാഗ് | |
| 12. | നിനക്കായ് | |
| 13. | ആരെയും നൊമ്പരപ്പെടുത്താത്ത ഒരു അമ്മ | |
| 14. | നിങ്ങൾക്കറിയാമോ | |
| 15. | അക്ഷരപ്പൂമഴ | |
| 16. | ദൈവത്തിന്റെ ചങ്ങാതി | |
| 17. | വായന എങ്ങനെ | |
| 18. | പാടുന്ന പുഴ | |
| 19. | മഹത് വചനങ്ങൾ | |
| 20. | ഹോബി വെറും ഹോബിയല്ല | |
| 21. | കടങ്കഥകൾ | |
| 22. | വായു മലിനമാകുന്ന കാരണങ്ങൾ, ദോഷങ്ങൾ ഇത് തടയാൻ വേണ്ട മാർഗ്ഗങ്ങൾ | |
| 23. | സ്റ്റീഫൻ ഡബ്ല്യു ഹോക്കിങ്ങ് | |
| 24. | ഓണച്ചൊല്ലുകൾ | |
| 25. | വന്യജീവിസങ്കേതങ്ങൾ | |
| 26. | സുവർണ്ണക്കൊടി | |
| 27. | ലോകത്തെ മാറ്റി മറിച്ച വ്യക്തികൾ | |
| 28. | ദാനം | |
| 29. | പഴഞ്ചൊല്ലുകൾ | |

# ബ്രോയിലർ ചിക്കൻ എന്ന ദുരന്തം

മലയാളിയുടെ വിശിഷ്ട ഭോജ്യം ഇന്ന് കോഴിയാണ്. ബ്രോയിലർ ചിക്കൻ നമ്മുടെ ജീവിതശൈലിയിലായിക്കഴിഞ്ഞു. സമൂഹത്തിന്റെ ആരോഗ്യത്തെ ഇത്ര ഭീതിജനകമായി ഗ്രസിച്ചിരിക്കുന്ന ഒരു വിപത്ത് ഇല്ലതന്നെ. മദ്യം ഇതിലും വലിയ വിപത്താണെങ്കിലും അത് തെറ്റാണെന്നും മദ്യസേവ ഒരു പാപമാണെന്നുമുള്ള ഒരു സമൂഹമനസാക്ഷിയുണ്ട്. അതിനാൽ പൊതുചടങ്ങുകളിലെങ്കിലും മദ്യം തീൻമേശയുടെ മുമ്പിൽ വരാറില്ല. എന്നാൽ കോഴിയുടെ കാര്യം  അങ്ങനെയല്ല. സദ്യകളിലും വിരുന്നുകളിലും ബ്രോയിലർ കോഴിയുടെ ഇറച്ചികൊണ്ടുണ്ടാക്കുന്ന വിഭവങ്ങൾ മുഖ്യസ്ഥാനം കൈയാക്കിക്കഴിഞ്ഞു. ഇത് മനുഷ്യരുടെ ആരോഗ്യത്തിൽ വരുത്തിവയ്ക്കുന്ന ദുരന്തത്തിനെതിരെ നാം ജാഗ്രതയുള്ളവരാകേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.

രണ്ടു കൊല്ലംകൊണ്ട് വളർച്ചയെത്തുന്ന നാടൻ കോഴികളുടെ ഇനത്തെ മാറ്റി 27 ദിവസം കൊണ്ട് ബ്രോയിലറിനെ വികസിപ്പിക്കുന്നു. 8 ദിവസം കൊണ്ട് കെന്റക്കി ഫ്രൈഡ് ചിക്കൻ വികസിപ്പിക്കുന്നു. 8 ദിവസം കൊണ്ട് കെന്റക്കി ഫ്രൈഡ് ചിക്കൻ വികസിപ്പിക്കുന്നു. കോശ വളർച്ചയെയും അതിന്റെ വിഭജനത്തെയും നിയന്ത്രിക്കുന്ന ജൈവമാപിനി (bio clock) യിൽ വരുത്തുന്ന മാറ്റമാണ് കോശവിഭജനത്തെ ത്വരിതപ്പെടുത്തുന്നത്. ഈ കോശമാപിനി തെറ്റിയ മാംസം  മനുഷ്യശരീരത്തിൽ കടക്കുമ്പോൾ ശരീരത്തിന്റെ താളം തെറ്റുന്നു. വളർച്ച ത്വരിതഗതിയിലാകുന്നു. 2 വർഷം കൊണ്ടുണ്ടാകേണ്ട വളർച്ച 27 ദിവസം കൊണ്ട് പൂർത്തിയാകുന്നു. 47 – 48 ദിവസമാകുമ്പോൾ ഇവയുടെ ഹൃദയമിടിപ്പ് നിന്ന് കോഴികൾ ഹൃദയം പൊട്ടിചാകുന്നു. കോശങ്ങളുടെ വളർച്ച നമ്മുടെ ഹൃദയത്തെ എങ്ങനെ ബാധിക്കുന്നു എന്ന് ചിന്തിക്കുക.

കോഴികൾക്ക് കൊടുക്കുന്ന ഹോർമോണുകൾ, ഈസ്ട്രജൻ, പ്രൊജസ്റ്ററോൺ, ടെസ്റ്റൊസ്റ്റെറോൺ, ട്രെൻബെലോൺ അസറ്റേറ്റ്, സെറാനോൾ തുടങ്ങിയവയാണ്. ടെട്രോസൈക്ലിൻ, സൾഫാമെത്തസിൻ തുടങ്ങിയ ആന്റിബയോട്ടിക്കുകളും ഇവയ്ക്ക് നൽകുന്നു. അമിതമായ ഈസ്ട്രജൻ പെൺകുട്ടികളെ വളരെ ചെറുപ്പത്തിൽ ഋതുമതിയാക്കുന്നു. പുരുഷന്മാരിൽ ഹൃദ്രോഗം, സ്ട്രോക്ക്, കാൻസർ, പൊണ്ണത്തടിയും ടൈപ്പ് II പ്രമേഹവും തുടങ്ങിയ രോഗങ്ങൾ വരുത്തിവയ്ക്കുന്നു. മുട്ടയ്ക്കുവേണ്ടി വളർത്തുന്ന കോഴികളെക്കൊണ്ട് വർഷത്തിൽ 365 ദിവസവും മുട്ടയിടീക്കുന്നു. അവ മിക്കവയും കാൻസർ പിടിപെട്ടാണ് ചാവുന്നത്. അവയും നമ്മുടെ തീൻമേശയിൽ എത്തുന്നുണ്ടെന്ന് കരുതിയിരിക്കുക. അങ്ങനെയെങ്കിൽ മനുഷ്യൻ കോഴിയെ തിന്നുന്നുവോ അതോ കോഴി മനുഷ്യനെ തിന്നുന്നുവോ? ചിന്തിക്കുക.

[അവലംബം : മനുഷ്യനെ തിന്നുന്ന കോഴി, കെ.വി.ആർ.എഫ്. പബ്ലിക്കേഷൻസ്]

വനജ ഡാനിയേൽ
H.S.A (Natural Science)
CMS HS Nedungadappally



# അറിവായി വെളിച്ചമായി

മാലുള്ളതാണീ മഹിയെന്നുണ്ടെങ്കിലും
മാലോകർക്കെല്ലാം വെളിച്ചം അറിവുതാൻ
എന്തിനും ഏതിനും വായനയല്ലയോ
വിശ്വമാം ലോകത്തെ കാട്ടുന്നത്

കണ്ണാൽ കാണുംപോലെ
ഉള്ളാൽ കേൾക്കും പോലെ
ഓരോവാക്കും നമ്മെ അമ്പരപ്പിച്ചീടും
ഓരോ വരികളും വിസ്മയമാക്കീടും

വേഗേന നഷ്ടമാമായുസ്സുമെങ്കിലും
മാറ്റമില്ലാത്തതല്ലോരോ രചനയും
ഓർക്കുക വായനയല്ലാതെ ഏതേതുമില്ലിന്ന്
ലോകരെ വിസ്മയം കൊള്ളിക്കും അറിവുപോൽ

**Sola Sophia Anil**
**X B**

# കമ്പ്യൂട്ടർ ചരിത്രം

- **ഇന്റർനെറ്റ്**

  1969 സെപ്റ്റംബർ 2-ാം തീയതി പരീക്ഷണാടിസ്ഥാനത്തിൽ ARPANET എന്ന ഒരു കമ്പ്യൂട്ടർ ശൃംഖല രൂപപ്പെടുത്തി. ഇതിന്റെ വികസനത്തിൽ സുപ്രധാന പങ്കുവഹിച്ചത് പോൾ ബാരാൻ എന്ന ശാസ്ത്രജ്ഞനായിരുന്നു. പിന്നീട് 1972-ൽ വിന്റൺ സർഫ് ആർപാനെറ്റിന്റെ തലവനായി വന്നതോടെ വിപ്ലവകരമായ മാറ്റങ്ങളാണ് ഈ രംഗത്ത് ഉണ്ടായത്. ഇദ്ദേഹമാണ് ഇന്റർനെറ്റിന്റെ പിതാവായി അറിയപ്പെടുന്നത്.

- 1995 ആഗസ്റ്റ് 5 ന് ഇന്ത്യ ഇന്റർനെറ്റ് ശൃംഖലയിലേക്ക് ബന്ധിക്കപ്പെട്ടു.

- **Hotmail**

  ഇന്ററർനെറ്റിലൂടെ മെയിലുകൾ അയയ്ക്കാൻ കഴിയുന്ന സംവിധാനം ആദ്യമായി അവതരിപ്പിച്ച ഇന്ത്യൻ കമ്പ്യൂട്ടർ വിദഗ്ധനായിരുന്നു സബീർ ഭാട്ടിയ. Hotmail എന്നായിരുന്നു ഭാട്ടിയ ഈ സംവിധാനത്തിനു നൽകിയ പേര്. 1996 ജൂലൈ 4-ന് സബീർ ഭാട്ടിയയും സുഹൃത്ത് ജാക്ക് സ്മിത്തും ചേർന്ന് Hotmail സ്ഥാപിച്ചു. 36 ദശലക്ഷം രജിസ്റ്റേഡ് ഉപഭോക്താക്കളുമായി Hotmail ലോകത്തെ ഏറ്റവും വലിയ ഇ-മെയിൽ സർവീസായി മാറാൻ അധികകാലം വേണ്ടി വന്നില്ല. 1998-ൽ സോഫ്റ്റ്വെയർ ഭീമൻ മൈക്രോസോഫ്റ്റ് Hotmail വിലയ്ക്കു വാങ്ങി.

**Varsha Vijayakumar**
**IX B**

## ക്രിക്കറ്റ് പ്രശ്നോത്തരി

1. 2012 T20 ലോകകപ്പിൽ ഇന്ത്യ ഏതു രാജ്യത്തെയാണ് ഒരു റണ്ണിന് പരാജയപ്പെടുത്തിയത്?
2. 2012 T20 ലോകകപ്പിൽ ഇന്ത്യക്കുവേണ്ടി ഏറ്റവും കൂടുതൽ റൺസ് നേടിയത് ആര്?
3. 2009 T20 മത്സരത്തിൽ ഇന്ത്യയെ ഏറ്റവും കുറഞ്ഞ സ്കോർ ആയ 118- ന് പുറത്താക്കിയ ടീം?
4. 2007 World T20 മത്സരത്തിൽ 2 maiden ഓവറുകൾ ഏറിഞ്ഞ ഒരേ ഒരു ഇന്ത്യൻ താരം?
5. World T20 മത്സരങ്ങളിൽ 500 റൺസ് നേടിയ ആദ്യ ഇന്ത്യൻ ബാറ്റ്സ്മാൻ?
6. ആദ്യ Asia cup മത്സരം നടന്ന വർഷം?
7. ആദ്യ Asia cup മത്സരം നടന്നത് എവിടെ വച്ച്?
8. Asia cup മത്സരങ്ങിൽ ഇന്ത്യക്കുവേണ്ടി കൂടുതൽ വിക്കറ്റുകൾ നേടിയ താരം?
9. ആദ്യ Asia cup മത്സരത്തിൽ ഇന്ത്യയുടെ നായകൻ?
10. ഇന്ത്യക്കുവേണ്ടി Test century നേടിയ ആദ്യ വിക്കറ്റ് കീപ്പർ?

**Aswin Abey**

**X A**

# <u>അമ്മുവിന്റെ ആട്ടിൻകുട്ടി</u>

മൂന്നാല് ദിവസമായി ആട്ടിൻകുട്ടിയെ ചൊല്ലിയാണ് അമ്മുവും അമ്മയും തമ്മിൽ വഴക്ക്. സ്കൂളിലെ പ്രിയ കൂട്ടുകാരി ആമിനയുടെ വീട്ടിലെ ആട്ടിൻകുട്ടിയുടെ വിശേഷങ്ങൾ കേട്ടുകേട്ട് അമ്മുവിനു കൊതിയായി. കറുപ്പും വെള്ളയും ഇടകലർന്ന ഒരു കുറുമ്പൻ കുഞ്ഞാടിനെ അവൾക്കും വേണം. ആദ്യമൊക്കെ ചിരിച്ചു തള്ളിയെങ്കിലും അവളുടെ പിടിവാശി മൂത്തപ്പോൾ അമ്മയാകെ വശം കെട്ടു.

കാർട്ടൂണും വീഡിയോ ഗെയിമും കോമിക് ബുക്കുകളും മാത്രമായിരുന്നു അമ്മുവിന്റെ ലോകം. അവളെ അടക്കിയിരുത്താനും ആഹാരം കഴിപ്പിക്കാനും ശല്യമില്ലാതെ ജോലി ചെയ്യാനും ടീവിക്കു മുന്നിൽ പിടിച്ചിരുത്തി ശീലിപ്പിച്ചത് അമ്മ തന്നെയായിരുന്നു. നഗരഹൃദയത്തിലുള്ള ഫ്ളാറ്റിൽ ആട്ടിൻകുട്ടിയെ വളർത്താനോ? ആലോചിച്ചപ്പോൾ തന്നെ അമ്മുവിന്റെ അമ്മയ്ക്ക് അറപ്പാകുന്നു.

“വെറുതെ വാശിപിടിക്കരുത് അമ്മൂ.... പറ്റില്ല! പറഞ്ഞാൽ മനസ്സിലാവില്ലേ നിനക്ക്” അമ്മയുടെ ശബ്ദം കനത്തു.

ചോദിക്കുന്ന ഏത് കളിപ്പാട്ടവും അച്ഛനും അമ്മയും അവൾക്ക് വാങ്ങി കൊടുക്കാറുണ്ട്. തന്റെ ഇഷ്ടങ്ങളെ ആരും എതിർക്കുന്നത് അവൾക്ക് സഹിക്കില്ല.

തന്റെ ആവശ്യത്തിന് അമ്മ വഴങ്ങാതെ വന്നപ്പോൾ അമ്മുവിനു സങ്കടവും ദേഷ്യവും വന്നു. അവൾ അമ്മയുടെ സാരിത്തുമ്പിൽ നിന്നു പിടിവിടാതെ കരഞ്ഞു. സഹികെട്ട് അമ്മ അവളെ തല്ലി നിലവിളിച്ചു കൊണ്ട് അവൾ മുറിയിലേക്ക് ഓടി കതകടച്ചു.

കാര്യസാധ്യത്തിനായി അല്പം വാശിയും ഇതുപോലെ ചെറിയ പൊടിക്കൈയും പലപ്പോഴും അവൾ പയറ്റാറുണ്ട്. തെല്ലുനേരം കഴിഞ്ഞ് അമ്മ ശബ്ദമുണ്ടാക്കാതെ മുറിയുടെ വാതിൽ പാതി തുറന്നു നോക്കിയപ്പോൾ കരഞ്ഞു തളർന്ന് അവൾ ഉറങ്ങിപ്പോയിരുന്നു. തലയിണയിൽ മുഖമമർത്തിക്കിടന്ന അമ്മുവിനെ നന്നായി പുതപ്പിച്ച് ലൈറ്റ് അണച്ച് ആശ്വാസത്തോടെ അമ്മ തിരികെ നടന്നു.

പിറ്റേന്നു രാവിലെ പത്രം വായിച്ചിരിക്കുമ്പോൾ അച്ഛൻ തിരക്കി 'മോൾ ഇതുവരെ എണീറ്റില്ലേ?'

തലേന്നു ജോലി കഴിഞ്ഞു വരാൻ വൈകിയതു കൊണ്ട് വൈകിട്ടത്തെ പുകിലൊന്നും അച്ഛൻ അറിഞ്ഞില്ല. ഞാനൊന്നും തല്ലി. അത്താഴം പോലും കഴിക്കാതെയാണ് അവൾ ഉറങ്ങിയത്. വിഷമത്തോടെ അമ്മ പറഞ്ഞു.

പത്രം വായന പെട്ടെന്ന് നിർത്തി അച്ഛൻ അമ്മുവിന്റെ മുറിയിലേക്ക് നടന്നു. വാതിൽ തുറന്നുനോക്കിയപ്പോൾ അവൾ തറയിൽ കിടക്കുകയായിരുന്നു. ഉറക്കത്തിൽ താഴെ വീണതാണെന്ന് ഒരു നിമിഷം സംശയിച്ചു.

ക്രയോൺ കളർ പെൻസിലുകൾ മുറിയിലാകെ ചിതറിക്കിടന്നിരുന്നു. അവൾ നെഞ്ചോടു ചേർത്തു പിടിച്ചിരുന്ന വെള്ളക്കടലാസ് അച്ഛൻ മെല്ലെ വിടർത്തി.

അതിൽ വരച്ച മനോഹരമായ ചിത്രം കണ്ട് അച്ഛൻ അത്ഭുതപ്പെട്ടു. പച്ചപുൽത്തകിടിയിൽ കറുത്ത പുള്ളികളുള്ള ആട്ടിൻകുട്ടിയും ഒരു കൊച്ചുകുട്ടിയും! ചിത്രത്തിനു താഴെ എഴുതിയിരുന്നത് അമ്മ വായിച്ചു. “അമ്മുവിന്റെ ആട്ടിൻകുട്ടി.”



**Gayathri Lakshmi**

**IX A**

## The Snow Smile



I am the beads that dropped into the earth
Along the earth my part
sweeping and wiping the sorrow of a flower
By the henads of the valley takes me
Make a jewellery
Small skipping streams search
Saw a beads and lift up with
The waves of happiness
Sunny little light look and give a smile
Slowly lift the beads under,
into the bed of sky
Song of a flower make a sweet song
Sunlight glittering in the clouds
Bend down the little snow beads
laughing or lighting
Golden labs that fade about hot
down fall snow that makes joy fall
someone that tried into hot sunlight
And give a black smile
Make the branches sorrows as greenery

**Aksa Biju**
**X B**



# The Gold Wrapping Paper

Once upon a time, there was a man who worked very hard just to keep food on the table for his family. This particular year a few days before Christmas, he punished his little five-year-old daughter after learning that she had used up the family's only roll of expensive gold wrapping paper.

As money was tight he became even more upset when on Christmas Eve he saw that the child had used all the expensive gold paper to decorate one shoebox she had put under the Christmas tree. He also was concerned about where she had got money to buy what was in the shoebox.

Nevertheless, the next morning the title girl, filled with excitement, brought the gift box to her father and said, "This is for you, Dad!"

As he opened the box, the father was embarrassed by his earlier over-reaction, now regretting how he had punished her.

But when he opened the shoe box, he found it was empty and again his anger flaved. "Don't you know, young lady", he said harshly, "When you give someone a present, there's supposed to be something inside the package!" The little girl looked up at him with sad tears rolling from her eyes and whispered: "Daddy, it's not empty. I blew kisses into it until it was all full!.

The father was crushed. He fell on his knees and put his areas around his precious little girl. He begged her to forgive him for his unnecessary anger.

An accident took the life of the child only a short time later. It is told that the father kept this little gold box by his bed for all the years of his life. Whenever he was discouraged or faced difficult problems, he would open the box, take out an imaginary kiss, and remember the love of this beautiful child who had put it there.

In a very real sense, each of us has been given an invisible golden box filled with unconditional love and kisses from our children, family, friends and God. There is no more precious possession anyone could hold.

**Vishnu S. Babu**
**X A**

# The Silent Fish

The silent fish swims around
Dancing in the glass jar
Morning to night
It twists and turns
Inside the same waters
Not knowing when death will smile on it
It dreams of the oceans
Of tearful memories
Not too old
Of reefs and corals
Of whales and sharks
Of graceful dolphins
Of family and friends
Thoughts get paused by the sudden jerk
A spear of lightening
Splits the skies apart
Another rainy day it ponders

**Ruhith S. Varghese**
**VIII A**



## ക്രിക്കറ്റ് പ്രശ്നോത്തരി – ഉത്തരങ്ങൾ

1. സൗത്ത് ആഫ്രിക്ക
2. വിരാട് കോഹ്ലി
3. സൗത്ത് ആഫ്രിക്ക
4. ശ്രീനാഥ്
5. ഗൗതം ഗംഭീർ
6. 1984
7. ഷാർജ
8. ഇർഫാൻ പത്താൻ
9. സുനിൽ ഗവാസ്കർ
10. വിജയ് മൻജരേക്കർ

## നദികളുമായി ബന്ധപ്പെട്ട പട്ടണങ്ങൾ

1. ടൈഗ്രീസ് നദിയുടെ കരയിലുള്ള തലസ്ഥാന നഗരം?

   ബാഗ്ദാദ്

2. ഈജിപ്റ്റിലെ അലക്സാണ്ട്രിയ നഗരം ഏത് നദിയുടെ കരയിലാണ്?

   നൈൽ

3. ബർലിൻ നഗരം ഏത് നദിയുടെ തീരത്താണ്?

   സ്പ്രീ (Spree)

4. ബെൽഗ്രേഡ് നഗരം ഏത് നദിയുടെ കരയിൽ സ്ഥിതി ചെയ്യുന്നു?

   ഡാന്യൂബ്

5. ജർമ്മൻ നഗരമായ ബോൺ ഏതു നദിയുടെ കരയിലാണ്?

   റൈൻ

6. തേംസ് നദിയുടെ കരയിലുള്ള തലസ്ഥാന നഗരം?

   ലണ്ടൻ

7. മോസ്കോ നഗരം ഏത് നദിയുടെ കരയിലാണ്?

   മോസ്ക്വാ (Moskva)

8. ന്യൂയോർക്ക് നഗരം ഏത് നദീതീരത്ത് സ്ഥിതിചെയ്യുന്നു?

   ഹഡ്സൺ

9. ടോക്കിയോ നഗരം ഏത് നദീ തീരത്താണ്?

   സുമിദ (Sumida)

10. പാരീസ് നഗരം സ്ഥിതി ചെയ്യുന്ന നദീതീരം?

    സീൻ (Scine)

11. റോം ഏത് നദിയുടെ കരയിൽ സ്ഥിതി ചെയ്യുന്നു?

    ടൈബർ

12. ആഗ്രാ നഗരം ഏത് നദിയുടെ തീരത്താണ്?

    യമുന

13. അയോദ്ധ്യാ നഗരം ഏത് നദിയുടെ തീരത്താണ്?

    സരയൂ

14. കൊൽക്കത്ത ഏത് നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്നു?

    ഹൂബ്ലി

15. ഡൽഹി ഏത് നദിയുടെ കരയിൽ സ്ഥിതിചെയ്യുന്നു?

    യമുന